**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.**3367**

19-06-2019 ൽ മറുപടിയ്ക്ക്

**ഹാജിമാർക്കും മദ്രസ്സകൾക്കും നൽകിവരുന്ന സേവനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.സി.ജോർജ്** | **ഡോ.കെ.ടി.ജലീൽ (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് നിന്നും ഹജ്ജ് തീർത്ഥാടനത്തിനു പോകുന്നവർക്കായി സർക്കാർ നൽകിവരുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) • അപേക്ഷ സ്വീകരിക്കുന്നതു മുതൽ ഹജ്ജ് കഴിഞ്ഞ് മടങ്ങി വരുന്നതുവരെ കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി തീർത്ഥാടകരെ സഹായിക്കുന്നു.<br>• ഹജ്ജ് ട്രെയിനർമാരെ നിയമിച്ച 3 ഘട്ടങ്ങളിലായി തീർത്ഥാടകർക്കായി ഹജ്ജ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br>• ഹജ്ജ് യാത്രക്ക് മുമ്പായി തീർത്ഥാടകർക്ക് ആരോഗ്യവകുപ്പ് മുഖാന്തിരം ഫ്രീ വാക്സിനേഷൻ ചെയ്തു കൊടുക്കുന്നു.<br>• തീർത്ഥാടകരുടെ ഹജ്ജ് യാത്രയ്ക്കുള്ള വിസ, എമിഗ്രേഷൻ, വിമാന ടിക്കറ്റ്, വിദേശയാത്ര ചട്ടങ്ങൾ പ്രകാരമുള്ള മറ്റു രേഖകൾ എന്നിവ തരപ്പെടുത്തുന്നതിനായി മുംബൈ ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ട് നടപടി കൈക്കൊള്ളുന്നു.<br>• തീർത്ഥാടകർക്കായി ഹജ്ജ് ക്യാമ്പ് സംഘടിപ്പിക്കുന്നു. ഹജ്ജ് യാത്രക്ക് 24 മണിക്കൂർ മുമ്പായി തീർത്ഥാടകരെ ഹജ്ജ് ക്യാമ്പിൽ താമസിപ്പിച്ച ആവശ്യമായ ഒരുക്കങ്ങൾ, സജ്ജീകരണങ്ങൾ, ലഗേജ് ക്രമീകരണം എന്നിവ ചെയ്ത് കൊടുക്കുന്നു.<br>• തീർത്ഥാടകരുടെ യാത്ര സംബന്ധമായ രേഖകൾ പരിശോധിക്കുന്നതിനും, ക്രമപ്പെടുത്തുന്നതിനുമായി ഉന്നത ഉദ്യോഗസ്ഥ |

രുടെ നേതൃത്വത്തിൽ അറുപതോളം സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഹജ്ജ് സെൽ രൂപീകരിച്ച് ഹജ്ജ് ക്യാമ്പിൽ പ്രവർത്തിക്കുന്നു.

- സൗദി അറേബ്യയിലെ സേവനത്തിനായി 200 ഹാജിമാർക്ക് ഒരാൾ എന്ന നിലയിൽ ഹജ്ജ് വോളണ്ടിയർമാരായി സംസ്ഥാന സർക്കാർ ജീവനക്കാരെ തെരഞ്ഞെടുത്ത് തീർത്ഥാടകരുടെ കൂടെ അയക്കുന്നു. ട്രെയിനർമാർക്ക് ആവശ്യമായ പരിശീലനം കേന്ദ്ര ഹജ്ജ് കമ്മിറ്റി ബോംബെയിൽ വെച്ചും സംസ്ഥാന ഹജ്ജ് കമ്മിറ്റി ഹജ്ജ് ഹൗസിൽ വെച്ചും നൽകി വരുന്നു.
- സൗദി അറേബ്യയിലെ ഹാജിമാരുടെ സൗകര്യങ്ങൾ നിരീക്ഷിക്കുന്നതിനും ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി ഹജ്ജ് സമയത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് ഹജ്ജ് കമ്മിറ്റി ഓഫീസിൽ പ്രവർത്തിക്കുന്നു.

| | |
|---|---|
| ബി) സംസ്ഥാനത്തെ മദ്രസ്സകളുടെ പ്രവർത്തനങ്ങൾക്കായി സർക്കാർ നൽകിവരുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | ബി) മദ്രസ്സകളുടെ പ്രവർത്തനത്തിനായി സംസ്ഥാന സർക്കാർ സാമ്പത്തിക സഹായമൊന്നും നൽകുന്നില്ല. എന്നാൽ മദ്രസ്സാധ്യാപകരുടെ ക്ഷേമത്തിനായി സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ മദ്രസ്സാധ്യാപക ക്ഷേമനിധി ബോർഡ് പ്രവർത്തിച്ചു വരുന്നുണ്ട്. എസ്.പി.ക്യൂ.ഇ.എം. (മദ്രസ്സ വിദ്യാഭ്യാസം ആധുനികവൽക്കരിക്കുക) എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് 2013-14 വർഷം വരെ പൊതുവിദ്യാഭ്യാസ വകുപ്പിന് കേന്ദ്രസർക്കാരിൽ നിന്ന് ഫണ്ട് ലഭ്യമായിരുന്നു. പ്രസ്തുത വർഷത്തിനു ശേഷം ഫണ്ടുകൾ ഒന്നും തന്നെ മദ്രസ്സ വിദ്യാഭ്യാസ വികസനവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പിന് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ